**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **12-02-2025 - ൽ മറുപടിയ്ക്ക്**

**ലഹരി ബോധവത്കരണ ക്ലാസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് വിദ്യാഭാസ വകുപ്പ് 2024, 2025 വർഷങ്ങളിൽ എത്ര ബോധവൽക്കരണ ക്ലാസുകൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (എ) | ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിനും. അത് ഉപയോഗിച്ചാലുള്ള വിപത്തുകളെ സംബന്ധിച്ചും വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. 41 ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എല്ലാ പ്രഥമാധ്യാപകർക്കും ജാഗ്രത കോ-ഓർഡിനേറ്റർമാർക്കും (അധ്യാപകർ) ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയുന്നത് ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പരിശീലനപരിപാടികൾ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.<br><br>സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 'വിമുക്തി' യുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു. അതിലൂടെ കൃത്യമായ ബോധവൽക്കരണം എല്ലാ സ്കൂളുകളിലും എക്സൈസ്, പോലീസ്, കൗൺസിലേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ നടത്തി വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ദുരുപയോഗം നമ്മുടെ സമൂഹത്തിന് ഗുരുതരമായ ഭീഷണിയായിരിക്കെ അയതിനെ നേരിടാനും നാടിനെ ലഹരി വിമുക്തമാക്കാനും സഹായിക്കുന്നതിനായി നാഷണൽ സർവ്വീസ് സ്കീം(എൻഎസ്എസ്) ന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് 'കാവലാൾ'. ലഹരിവിമുക്ത പരിപാടികൾ ആവിഷ്കരിക്കുക, പൊതുജനങ്ങളെ ബോധവൽക്കിരിക്കുക, ലഹരി വസ്തുക്കളുടെ ഉപയോഗം തടയുക എന്നിവയാണ് ഈ |

പദ്ധതികൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. പ്രധാനമായും ലഹരി വസ്തുക്കളുടെ ദോഷങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ലഹരി വസ്തുക്കളുടെ ഉപയോഗം തടയാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയു ചെയ്യുക. ലഹരി ഉപയോഗിക്കുന്നവർക്ക് ചികിത്സ ലഭ്യമാക്കുക. ലഹരി വിരുദ്ധ പ്രവർത്തങ്ങളിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുക, ലഹരി മുക്ത ഗ്രാമങ്ങളുടെ മാതൃക സൃഷ്ടിക്കുക എന്നിവയാണ ഈ പദ്ധതിയുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലൂടെ വ്യക്തികളുടെയും കുടുംബങ്ങളുടെയും ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുകയും, കുറ്റകൃത്യവും ആക്രമവും കുറയ്ക്കുകയും, ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകയും, സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുകയും, കൂടാതെ സാമൂഹിക ഐക്യവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുകയും നമ്മുടെ ഭാവി തലമുറകൾക്ക് ഒരു മികച്ച ലോകം സൃഷ്ടിച്ചെടുക്കുന്നതിന് സാധിക്കുകയും ചെയ്യും.

ഇതുമായി ബന്ധപ്പെട്ട് എൻ എസ് എസ് താഴെ പറയുന്ന യൂണിറ്റുകളിൽ വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

1. നോർത്ത്- 1(ഉത്തരമേഖല-1)

മലപ്പുറം വെസ്റ്റ് - 97

കോഴിക്കോട് നോർത്ത്- 77

കോഴിക്കോട് സൗത്ത് - 79

ആകെ - 253 യൂണിറ്റുകൾ

2. നോർത്ത്- 2 (ഉത്തരമേഖല-2)

കാസറഗോഡ് - 59

കണ്ണൂർ - 139

വയനാട് - 55

ആകെ - 253 യൂണിറ്റുകൾ

3. സെൻട്രൽ(മധ്യമേഖല)

ഇടുക്കി - 59

തൃശ്ശൂർ - 117

പാലക്കാട് - 87

മലപ്പുറം ഈസ്റ്റ് - 96

ആകെ - 359 യൂണിറ്റുകൾ

4. സൗത്ത്- 1 (ദക്ഷിണമേഖല- 1)

എറണാകുളം - 117

കോട്ടയം - 91

ആലപ്പുഴ - 93

ആകെ - 301 യൂണിറ്റുകൾ

5. സൗത്ത്- 2 (ദക്ഷിണമേഖല- 2)

പത്തനം തിട്ട - 62

കൊല്ലം - 114

തിരുവനന്തപുരം - 116

ആകെ - 292 യൂണിറ്റുകൾ

എസ്.പി.സി - സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്(എസ്.പി.സി) ന്റെ നേതൃത്വത്തിൽ "യോദ്ധാവ്" എന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. എസ്.പി.സി യുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്കുക ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം- 280

2. കൊല്ലം - 520

3. പത്തനംതിട്ട- 153

4. ആലപ്പുഴ - 462

5. കോട്ടയം - 1244

6.ഇടുക്കി - 117

7. എറണാകുളം- 631

8. തൃശ്ശൂർ - 240

9. പാലക്കാട്- 150

| | | | |
|---|---|---|---|
| | | | 10. മലപ്പുറം- 260<br>11. കോഴിക്കോട്- 343<br>12. വയനാട് - 87<br>13. കണ്ണൂർ - 214<br>14. കാസറഗോഡ് - 89 |

സെക്ഷൻ ഓഫീസർ